ഉൾകാഴ്ച

I. **ദൈവം "നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ" എന്ന് 2 തിമൊഥെയൊസ് 1:9-ൽ പൗലൊസ് പറയുന്നു**

- നാം അവന്റെ സാക്ഷ്യമായിത്തീരത്തക്കവണ്ണം അവന്റെ ജീവനെയും സ്ഥാനത്തെയും പങ്കിടുവാൻ നമ്മെ അവനുമായി ഒന്നാക്കിത്തീർത്തുകൊണ്ട് നമ്മെ ക്രിസ്തുവിലേക്ക് വയ്ക്കുക എന്ന ദൈവത്തിന്റെ ഹിതപ്രകാരമുള്ള അവന്റെ പദ്ധതിയാണ് അവന്റെ ഉദ്ദേശ്യം. ദൈവം നമ്മെ രക്ഷിച്ചുവെന്നു മാത്രമല്ല, പിന്നെയോ ഒരു പ്രത്യേക കാരണത്തിനായുള്ള ഒരു വിളിയായ, വിശുദ്ധ വിളികൊണ്ട് അവന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന് നമ്മെ വിളിക്കുകയും ചെയ്തു, അവന്റെ ഉദ്ദേശ്യത്തിനുവേണ്ടി വേർതിരിക്കുകയും ചെയ്തു.ഇപ്പോൾ അവന്റെ ഉദ്ദേശ്യം നമ്മുടെ ഉദ്ദേശ്യമായിത്തീരണം. Fദൈവത്തിന്റെ വീക്ഷണകോണിൽനിന്നും നാം രക്ഷയെ വീക്ഷിക്കണം; ദൈവത്തിന്റെ രക്ഷയുടെ ഉദ്ദേശ്യം, പുത്രൻ അനേകം സഹോദരന്മാരുടെ ഇടയിൽ ആദ്യജാതനായിരിക്കത്തക്കവണ്ണം, അവന്റെ സൃഷ്ടിക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരും പുത്രത്വം പ്രാപിക്കുക എന്നതാണ്, അതായത്, പുത്രന്റെ ജീവൻ ഉണ്ടായിരിക്കുകയും, അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യുക എന്നതാണ്. വലിയ അർഥവും ഉദ്ദേശ്യവുമുള്ള ഒരു മനുഷ്യനെ ദൈവം സൃഷ്ടിച്ചു, എന്നാൽ മനുഷ്യൻ വീണുപോകുകയും, മനുഷ്യജീവിതത്തിന്റെ അർഥം നഷ്ടപ്പെടുകയും ചെയ്തു. തന്റെ രക്ഷയാൽ ദൈവം നമ്മെ രക്ഷിക്കുകയും പ്രപഞ്ചത്തിന്റെ അർഥമായ നമ്മുടെ യഥാർഥ ഉദ്ദേശ്യത്തിലേക്ക് മടക്കിക്കൊണ്ടുവരുകയും ചെയ്യുന്നു.

  [2 Tim. 1:9] അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ,... [Gen. 1:26] അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ ...മേലും വാഴട്ടെ എന്നു കല്പിച്ചു [Rom. 8:29] എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

II. **ദൈവത്തിന്റെ നിത്യോദ്ദേശ്യം, തന്റെ വിശാലവും വിപുലവുമായ ആവിഷ്കാരത്തിനുവേണ്ടി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തെ ജീവനിലും പ്രകൃതത്തിലും (എന്നാൽ ദൈവത്വത്തിലല്ല) തന്നെപ്പോലെ തന്നെയാക്കുവാൻ അവരിലേക്ക് അവനെത്തന്നെ പകരുക എന്നതാണ്**

- മനുഷ്യനെ സൃഷ്ടിക്കുന്നതിലും തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോട് ഇടപെടുന്നതിലുമുള്ള ദൈവോദ്ദേശ്യത്തെ സംബന്ധിച്ച ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിന്റെ വ്യവസ്ഥയാണ്; അത് തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം അവന്റെ നിറവിനും അവന്റെ ആവിഷ്കാരത്തിനുംവേണ്ടി അവനെപ്പോലെയായിത്തീരത്തക്കവണ്ണം, അവരുടെ ജീവനും പ്രകൃതവുമായിരിക്കുവാൻ അവരിലേക്ക് പുത്രനിലുള്ള പിതാവായി ആത്മാവിനാൽ തന്റെ ദിവ്യ ത്രിത്വത്തിൽ അവനെത്തന്നെ പകരുവാനുള്ള അവന്റെ ഹൃദയാഗ്രഹത്തോടുകൂടെയുള്ള ദൈവത്തിന്റെ നിത്യ ഇംഗിതമാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളുടെയും സൃഷ്ടിപ്പിലുള്ള ദൈവോദ്ദേശ്യം, തന്റെ മഹത്വപൂർണമായ ആവിഷ്കാരത്തിനുവേണ്ടി പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയെ ഉളവാക്കുന്നതിന് മനുഷ്യൻ ദൈവവുമായി ഇഴുകിച്ചേർന്നിരിക്കണം എന്നതായിരുന്നു; തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനും അവന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനും ഉപയോഗിക്കുന്ന നിസ്തുലമായ മാർഗം; പിതാവിന്റെ ജീവനോടും പ്രകൃതത്തോടുംകൂടെ ദിവ്യ പുത്രത്വത്തിൽ പിതാവായ ദൈവത്തിന്റെ ആവിഷ്കാരത്തിനും മഹത്വത്തിനും വേണ്ടി; തന്റെ രാജ്യം കൊണ്ടുവരുന്നതിന് ശത്രുവിന്റെ ലജ്ജയ്ക്കും പരാജയത്തിനും വേണ്ടി ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സ്വർഗീയ വാഴ്ചകളെയും അധികാരങ്ങളെയും അറിയിക്കുന്നതിൽ സഭ ദൈവത്തിന്റെ ഏറ്റവും വലിയ പ്രശംസയാണ്; ജീവനും വെളിച്ചവുമായി നമ്മിലേക്ക് അവനെത്തന്നെ പണിതു ചേർക്കുന്നതിലൂടെ ക്രിസ്തുവിലുള്ള സകലത്തിന്റെയും തലയായ്മയ്ക്കുവേണ്ടി.

  [Eph. 3:9-11] സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു. അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,. [Eph. 1:4-5] അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും. അത് ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടതുപോലെ, മറ്റു തലമുറകളിൽ മനുഷ്യപുത്രന്മാർക്ക് അറിവായിട്ടില്ലായിരുന്നു,

**ഭാരം**

## III. ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയുള്ള ഒരു ജീവിതം നയിക്കുന്നതിനായി, നാം ദൈവഹിതം അറിയുകയും പ്രവർത്തിക്കുകയും വേണം

- ദൈവം തന്റെ ഉദ്ദേശ്യം നിവർത്തിക്കുകയും നിറവേറ്റുകയും ചെയ്യത്തക്കവണ്ണം സകല കാര്യങ്ങളെയും അവൻ സൃഷ്ടിച്ചു. മനുഷ്യനുമായുള്ള തന്റെ ഇഴുകിച്ചേരലിലൂടെ തന്റെ ആവിഷ്കാരവുമായിരിക്കുവാൻ ക്രിസ്തുവിന് ഒരു ശരീരം നേടുക എന്നതാണ് അവൻ ഉദ്ദേശ്യം. തന്റെ നിത്യോദ്ദേശ്യത്തെ സംബന്ധിച്ചും, ക്രിസ്തുവിനെ സംബന്ധിച്ച അവന്റെ വ്യവസ്ഥയെക്കുറിച്ചുമുള്ള ദൈവഹിതത്തിന്റെ പൂർണപരിജ്ഞാനംകൊണ്ട് നാം നിറഞ്ഞവരായിരിക്കണം; ദിവ്യ വ്യവസ്ഥയിൽ ക്രിസ്തുവിനെ സകലവുമാക്കുക എന്ന ദൈവത്തിന്റെ പദ്ധതിയുടെ വെളിപാട് ഉണ്ടായിരിക്കുന്നത് നമുക്ക് ക്രിസ്തുവിന്റെ കൂടുതൽ അനുഭവം ഉണ്ടായിരിക്കുവാനുള്ള വഴി തുറക്കുന്നു. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം അറിയുകയും, അവനെ അനുഭവിക്കുകയും, അവനെ നമ്മുടെ ജീവനായി ജീവിക്കുകയും ചെയ്യുക എന്നതാണ് നമ്മെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഹിതം. കർത്താവിന് യോഗ്യമാംവണ്ണം നടക്കുന്നത് ദൈവഹിതത്തെക്കുറിച്ചുള്ള പൂർണപരിജ്ഞനം ഉണ്ടായിരിക്കുന്നതിൽനിന്നും ഉടലെടുക്കുന്നു. വരാനിരിക്കുന്ന യുഗത്തിൽ നാം സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കണമെങ്കിൽ, ഈ യുഗത്തിൽ നാം നമ്മുടെ പിതാവിന്റെ ഇഷ്ടം ചെയ്യണം. രക്ഷിക്കപ്പെടുവാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചാൽ മതിയാകും, എന്നാൽ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് നാം സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യണം. സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിന് സ്വർഗീയ പിതാവിന്റെ ഇഷ്ടം ചെയ്യേണ്ടത് ആവശ്യമായതിനാൽ, അത് വീണ്ടുംജനനത്തിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിൽനിന്നും വ്യക്തമായും വ്യത്യസ്തമാണ്. തന്റെ നാമത്തിൽ പ്രവചിക്കുന്നവരെയും, ഭൂതങ്ങളെ പുറത്താക്കുന്നവരെയും, വീര്യപ്രവൃത്തികൾ ചെയ്യുന്നവരെയും കർത്താവായ യേശു ശാസിച്ചു, എന്തുകൊണ്ടെന്നാൽ, "അധർമ്മം പ്രവർത്തിക്കുന്നവർ" എന്ന നിലയിൽ, അവർ ദൈവഹിതത്തോടുള്ള അനുസരണത്താലല്ല, തങ്ങളിൽ നിന്നുതന്നെ ഈ കാര്യങ്ങൾ ചെയ്തു. പിതാവിന്റെ ഹിതം ചെയ്യുന്നതിനായി, നാം ഇടുങ്ങിയ കവാടത്തിലൂടെ അകത്തു പ്രവേശിക്കുകയും ഞെരുക്കമുള്ള വഴിയിലൂടെ നടക്കുകയും വേണം. ഇടുങ്ങിയ കവാടം പഴയ മനുഷ്യനെയും, സ്വയത്തെയും, ജഡത്തെയും, മനുഷ്യ ധാരണയെയും, ലോകത്തെയും ലോകത്തിലുള്ള കാര്യങ്ങളെയും ഒഴിവാക്കുന്നു; ദൈവഹിതവുമായി പൊരുത്തപ്പെടുന്നവയ്ക്കു മാത്രമേ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. നാം ഞെരുക്കമുള്ള വഴിയിലൂടെ നടക്കുമ്പോൾ, മാർമികവും, അദൃശ്യവും, ആന്തരികവുമായ ഒരു നിയന്ത്രണത്താൽ നാം നിയന്ത്രിക്കപ്പെടുകയും, ഈ നിയന്ത്രണത്തിൻകീഴിൽ നാം ജീവിക്കുകയും ചെയ്യുന്നു. തന്റെ പങ്കായി പിതാവിന്റെ ഹിതത്തെ എടുക്കുകയും, യാതൊന്നിനെയും എതിർക്കാതെയും സ്വർഗീയ രാജാവായ ക്രിസ്തു എല്ലായ്പോഴും പിതാവിന്റെ ഹിതത്തിന് കീഴ്പ്പെട്ടു. പിതാവിന്റെ ഹിതം ചെയ്യുന്ന ഏവനും കർത്താവായ യേശുവിനെ സഹായിക്കുന്ന ഒരു സഹോദരനും, അവനോടുകൂടെ സഹതപിക്കുന്ന ഒരു സഹോദരിയും, അവനെ ആർദ്രമായി സ്നേഹിക്കുന്ന ഒരു അമ്മയുമാണ്പി. താവിന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടക്കുവാൻ രാജ്യജനം പ്രാർഥിക്കേണ്ടതാവശ്യമാണ്; ഇത് സ്വർഗ്ഗരാജ്യം ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനാണ്.

  [Rev. 4:11] ..എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.
  [Col. 1:9-10] ...നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും, സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ചും ദൈവത്തിന്റെ പൂർണ പരിജ്ഞാനത്താൽ വളർന്നുകൊണ്ട്, സകലത്തിലും അവനെ പ്രസാദിപ്പിക്കുവാനായി കർത്താവിനു യോഗ്യമാംവണ്ണം നടക്കുവാനും.
  [Matt. 7:21] എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും. [Matt. 7:22-23] ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും. അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും.
  [Matt. 7:13-14] ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു.